**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **04-03-2025 - ൽ മറുപടിയ്ക്ക്**

**സോളാർ പ്ലാന്റ് സ്ഥാപിച്ച ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുന്ന നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ച് വൈദ്യുത ബോർഡിന്റെ ഗ്രിഡുമായി ബന്ധിപ്പിച്ച ഉപഭോക്താക്കൾ പീക്ക് സമയത്ത് ഉപയോഗിക്കുന്ന വൈദ്യുതിക്ക് സാധാരണ ഉപഭോക്താക്കൾ നൽകുന്നതുപോലെ ഉയർന്ന നിരക്ക് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പ്രതിമാസം 250 യൂണിറ്റിനു മുകളിൽ ബില്ല് ചെയ്യപ്പെടുന്ന ഉപഭോഗമുള്ള സോളാർ ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെയുള്ള സമയത്തേയ്ക്ക് (4 മണിക്കൂർ കാലയളവിലേയ്ക്ക് മാത്രം) സാധാരണ നിരക്കിനേക്കാൾ 25 ശതമാനം അധികനിരക്ക് ഈടാക്കി വരുന്നു. എന്നാൽ, രാവിലെ 6 മുതൽ വൈകുന്നേരം 6 മണി വരെയുള്ള 12 മണിക്കൂർ സമയത്തേക്ക് കെ.എസ്.ഇ.ബി.എൽ. - ൽ നിന്ന് എടുക്കുന്ന വൈദ്യുതിക്ക് സാധാരണ നിരക്കിനേക്കാൾ 10% കുറഞ്ഞ നിരക്കിലാണ് ഈടാക്കി വരുന്നത്. കൂടാതെ, രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെയുള്ള 8 മണിക്കൂർ സമയത്തേയ്ക്ക് സാധാരണ നിരക്കിലാണ് വൈദ്യുതി നൽകി വരുന്നത്. |
| (ബി) | വൻ തുക ചെലവഴിച്ച് സോളാർ പ്ലാന്റ് സ്ഥാപിച്ചുകൊണ്ട് ബോർഡിനെ സഹായിക്കുന്ന പ്രസ്തുത ഉപഭോക്താക്കൾക്ക് ഈ നിർദേശം അധിക ബാധ്യത ഉണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | സോളാർ പ്ലാൻറ് സ്ഥാപിക്കുന്നതുകൊണ്ട് സോളാർ ഉപഭോക്താക്കൾക്കാണ് കാര്യമായി നേട്ടമുള്ളത്. സംസ്ഥാനത്ത് ആകെയുള്ള 140 ലക്ഷം ഉപഭോക്താക്കളിൽ, കേവലം 2 ലക്ഷം ഉപഭോക്താക്കൾ മാത്രമേ സോളാർ പ്ലാൻറ് സ്ഥാപിച്ചിട്ടുള്ളൂ. പകൽസമയത്ത് ആവശ്യത്തിൽ കൂടുതൽ സോളാർ ഉൽപാദനം മിക്ക ഉപഭോക്താക്കൾക്കും ഉള്ളതിനാൽ പകൽ സമയത്തെ ഉപഭോഗത്തിനുശേഷം മിച്ചമുള്ള വൈദ്യുതി കെ. എസ്. ഇ. ബി. ലിമിറ്റഡിനു (ഗ്രിഡിലേക്ക്) നൽകുകയും, ടി മിച്ച വൈദ്യുതി യാതൊരുവിധ സോളാർ ഉൽപാദനവും ഇല്ലാത്ത രാത്രികാലത്തെ ഉപഭോഗത്തിൽ നിന്ന് കുറച്ചതിനുശേഷം, ബാക്കിയുള്ള ഉപഭോഗത്തിനു മാത്രമേ നാലുമണിക്കൂർ നേരത്തേക്ക് 25 ശതമാനം അധികനിരക്ക് ഈടാക്കുന്നുള്ളൂ. ഇപ്രകാരം രാത്രികാലത്തെ ഉപഭോഗത്തിൽ നിന്ന് മിച്ചമുള്ള |

| | | | |
|---|---|---|---|
| | | | വൈദ്യുതി ക്രമപ്പെടുത്തുന്നതിനാൽ സോളാർ ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഉണ്ടാകുന്നതായി വിലയിരുത്തപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കേരളത്തിനു മാത്രമുള്ള സവിശേഷമായ ഉപഭോഗ രീതി അനുസരിച്ച് പീക്ക് സമയത്തെ ഉപഭോഗം ക്രമാതീതമായി വർദ്ധിച്ചു വരികയാണ്. കേരളത്തിന് ആവശ്യമായി വരുന്ന വൈദ്യുതിയുടെ 70 ശതമാനവും പുറമേ നിന്ന് കണ്ടെത്തേണ്ടി വരുന്നുണ്ട്. വൈദ്യുതി കമ്പോളത്തിലെ വില, പീക്ക്സമയങ്ങളിൽ യൂണിറ്റിന് ഏകദേശം 10 രൂപയോളം വരുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ പീക്ക് സമയത്തെ ഉപഭോഗം കുറഞ്ഞ അളവിൽ പരിമിതപ്പെടുത്തുന്നതിനും മറ്റുള്ള സമയത്തെ ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിനും, ഉപഭോക്താക്കൾക്ക് അധിക ബാധ്യത വരാത്ത രീതിയിൽ എന്നാൽ കെ. എസ്. ഇ. ബി. ലിമിറ്റഡിന് വൈദ്യുതി വാങ്ങുന്നതിനുള്ള ചെലവിന് വേണ്ടി എല്ലാ ഉപഭോക്താക്കൾക്കും ഘട്ടം ഘട്ടമായി റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി ടി.ഒ.ഡി. താരിഫ് നടപ്പിലാക്കി വരികയാണ്. സോളാർ ഉപഭോക്താക്കൾക്ക് അവരുടെ പകൽസമയത്തെ ഉൽപാദന-ഉപഭോഗ മിച്ചം, രാത്രികാലത്തെ ഉപഭോഗത്തിൽ കുറവ് ചെയ്യാമെന്നുള്ളതിനാൽ സോളാർ ഉപഭോക്താക്കൾക്ക് ഇത് ഒരുതരത്തിലും അധിക ബാധ്യത ആകുന്നില്ല. ഇക്കാരണത്താൽ കെ.എസ്.ഇ.ബി.എൽ.-ന്റെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പീക്ക് സമയത്ത് ഉപയോഗിക്കുന്ന വൈദ്യുതിക്ക് ഉള്ള നിരക്ക് പിൻവലിക്കുന്നത് യുക്തിസഹമല്ല. |

സെക്ഷൻ ഓഫീസർ